LIBRARY ARCHIVES Kerala Legislative Assembly

സയൻസ് ആന്റ് ടെക്നോളജി മ്യൂസിയത്തിൽ മുഴുവൻ സമയ ഡയറക്ടറെ നിയമിക്കാൻ നടപടി

128 [3654] *ശ്രീ. കെ. കെ. ജയചന്ദ്രൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സയൻസ് ആന്റ് ടെക്നോളജി മ്യൂസിയം പ്രിയദർശിനി പ്ലാനിറ്റോറിയത്തിലെ ഡയറക്ടർ തസ്തികയ്ക്ക് നിശ്ചയിച്ചിട്ടുള്ള യോഗ്യതകൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) ഇപ്പോഴത്തെ ഡയറക്ടർക്ക് ഗവൺമെന്റ് മുൻപ് നിശ്ചയിച്ച പ്രകാരമുള്ള യോഗ്യതകൾ ഉണ്ടോ;

(സി) ഡയറക്ടറുടെ ചുമതല വഹിക്കുന്ന ആളുടെ പേരിൽ മുൻപ് വിജിലൻസ് അന്വേഷണം നേരിട്ടിട്ടുണ്ടോ; എങ്കിൽ എന്തൊക്കെ കാര്യങ്ങളിലാണ് എന്ന് വ്യക്തമാക്കുമോ;

(ഡി) ആവശ്യമായ യോഗ്യതകൾ ഉള്ള ഒരു മുഴുവൻ സമയ ഡയറക്ടറെ നിയമിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അതുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഡയറക്ടർ തസ്തികയ്ക്ക് സർക്കാർ നിശ്ചയിച്ചിട്ടുള്ള യോഗ്യതകൾ അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.† (30-4-1982 തീയതിയിലെ 1607/ജി2/82/ഉവിവ നമ്പർ കത്ത്)

(ബി) ഇല്ല.

(സി) ഉണ്ട്. മ്യൂസിയത്തിലെ ഡൊണേഷൻ ടിക്കറ്റ് വിൽപ്പന സംബന്ധിച്ചും, 1995-ൽ മ്യൂസിയത്തിൽ നടന്ന അലുമിനിയം സെക്ഷൻ പർച്ചേസുമായി ബന്ധപ്പെട്ടും ഉയർന്ന ആരോപണങ്ങളെക്കുറിച്ച് വിജിലൻസ് അന്വേഷണം നടത്തുകയും, കുറ്റവിമുക്തനാക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ സമർപ്പിച്ചിട്ടുള്ള പാനൽ പരിശോധിച്ചുവരികയാണ്.

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.